**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2148 13.06.2019- ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഗുണഭോക്താക്കൾക്ക് ഇപ്പോൾ ആനുകൂല്യം നൽകി വരുന്നുണ്ട്; | (എ) | 1,13,717 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലേയ്ക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | 2011 മുതൽ 2016 മാർച്ച് വരെ കെട്ടിക്കിടന്ന 23804 അപേക്ഷകളടക്കം 2017 മാർച്ച് വരെ ലഭിച്ച 90,251 പേർക്കും 2017-18 കാലയളവിൽ 1,02,952 പേർക്കും 2018-19 കാലയളവിൽ 1,20,301 പേർക്കും ധനസഹായം നൽകി. ടി ഗുണഭോക്താക്കളിൽ 6584 പേർ മരണപ്പെടുകയും ചെയ്തതിനാൽ ബാക്കിയുള്ള 1,13,717 പേർക്ക് 2018 ജൂലായ് വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. 2018 ആഗസ്റ്റ് മുതലുള്ള |
| (സി) | തീർപ്പാക്കാത്ത അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഓൺ ലൈൻ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | അപേക്ഷകൾ കുടുംബശ്രീയിൽ ഡാറ്റാ എൻട്രിയ്ക്ക് നൽകിയിട്ടുണ്ട്. ഇവയിൽ അർഹതയുള്ള ഏകദേശം 17,000 ത്തോളം അപേക്ഷകളുണ്ട്. ഇവ ഓൺലൈനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. നിലവിൽ ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 1,13,717 ഗുണഭോക്താക്കളിൽ 80,500 പേരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ആധാർ വിവരങ്ങൾ എന്നിവ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ വിവരങ്ങൾ ഓൺലൈനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**